Lalith Babu

**ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതില്ല എന്ന് വിവരാവകാശ നിയമത്തിൽ പറയുന്നില്ല. എന്നാൽ hypothetical questions, inference എന്നിങ്ങനെയുള്ള കാര്യങ്ങളാണ് "വിവരം" എന്നതിൽ ഉൾപ്പെടാത്തത്**

വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുവാൻ നിയമം 30 ദിവസം കാലാവധി അനുവദിച്ചിട്ടുണ്ട്. ടി കാലാവധിയ്ക്കുള്ളിൽ ഹർജിക്കാരന്റെ ആർ.റ്റി.ഐ. അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ നൽകുകയും ഏതെങ്കിലും വിവരം നൽകുന്നത് തന്റെ ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആ വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്യേണ്ടതായിരുന്നു. സൂചന ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ ചോദ്യം നമ്പർ; 12, 13 എന്നിവയിൽ ആവശ്യപ്പെട്ടിരുന്നവ ഒഴിച്ച് മറ്റ് എല്ലാ വിവരങ്ങൾ/രേഖകളും കാലതാമസം കൂടാതെ തന്നെ നൽകാമായിരുന്നു. ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതില്ല എന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ ഒരിക്കലും തീരുമാനമെടുത്തിട്ടില്ല. ഹർജിക്കാരന്റെ ആർ.റ്റി.ഐ. അപേക്ഷയിൽ, സബ് ഓഫീസിലെ ഏതെങ്കിലും തീരുമാനം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ രണ്ടാം എതിർകക്ഷി വിവരാവകാശ നിയമം 20-ാം വകുപ്പിൽ വിവരിക്കുന്ന പ്രകാരമുള്ള കൃത്യവിലോപം വരുത്തിയതായും രണ്ടാം എതിർകക്ഷിയ്ക്കെതിരെ, വിവരാവകാശ നിയമം 20(1), (2) വകുപ്പുകൾ പ്രകാരം മേൽനടപടികൾ സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ വിലയിരുത്തുന്നു.